# മാർത്തോമ്മാ സഭാ ഹരിത അവാർഡ്

**A. അവലംബിക്കേണ്ട പൊതു മാനദണ്ഡങ്ങൾ**

1. പരിസ്ഥിതി അവബോധം സഭയുടെ പ്രേഷിതവൃത്തിയുടെ ഭാഗമായി പരിഗണിക്കുന്നതിനും സഭാംഗങ്ങളിൽ സാമൂഹിക പ്രതിബദ്ധത വളർത്തിയെടുക്കുന്നതിനും വേണ്ടി സഭാ കൗൺസിൽ ഏർപ്പെടുത്തിയിരിക്കുന്ന അവാർഡാണ് **മാർത്തോമ്മാ സഭാ ഹരിത അവാർഡ്.**
2. കേരളത്തിലുള്ള (1) ഇടവകകൾ (2) സഭയുടെ സ്ഥാപനങ്ങൾ (അരമനകൾ, തിയോളജിക്കൽ സ്ഥാപനങ്ങൾ, കൗൺസിലിംഗ് സെന്ററുകൾ, സ്റ്റഡി സെന്ററുകൾ, ക്യാമ്പ് സെന്ററുകൾ) (3) സ്കൂളുകൾ എന്നിവയ്ക്ക് അപേക്ഷിക്കാവുന്നതാണ്.
3. സഭാ കൗൺസിൽ തീരുമാനിക്കുന്ന ഒരു പരിശോധന കമ്മറ്റി നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡങ്ങളനുസരിച്ച് അപേക്ഷകൾ സ്വീകരിക്കേണ്ടതും അവ പരിശോധിച്ചശേഷം മൂന്നായി എണ്ണം തിട്ടപ്പെടുത്തി ലിസ്റ്റ് ആദ്യഘട്ടത്തിൽ ക്രമീകരിക്കേണ്ടതുമാണ്.
4. കമ്മറ്റി അംഗങ്ങൾ വിശദമായ പരിശോധനയ്ക്കുവേണ്ടി ചുരുക്കപ്പട്ടികയിലുള്ള ഇടവകകൾ / സഭയുടെ സ്ഥാപനങ്ങൾ (അരമനകൾ, തിയോളജിക്കൽ സ്ഥാപനങ്ങൾ, കൗൺസിലിംഗ് സെന്ററുകൾ, സ്റ്റഡി സെന്ററുകൾ, ക്യാമ്പ് സെന്ററുകൾ) / സ്കൂളുകൾ സന്ദർശിക്കേണ്ടതും ഹരിത അവാർഡിന് അർഹതയുള്ള ഒരു ഇടവകയുടെ/ ഒരു സ്ഥാപനത്തിന്റെ / ഒരു സ്കൂളിന്റെ പേര് സഭാ കൗൺസിലിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുമാണ്. ക്യാഷ് അവാർഡും ട്രോഫിയും നൽകുന്നതുമാണ്.

5. രണ്ടു വർഷം തുടർച്ചയായി സഭയുടെ ഹരിത അവാർഡ് ലഭിച്ചവർ തൊട്ടടുത്ത വർഷത്തെ പരിസ്ഥിതി അവാർഡു മത്സരത്തിൽ നിന്നും ഒഴിവാക്കപ്പെടുന്നതാണ്.

**B. അവാർഡിന് പരിഗണിക്കുവാനുള്ള നിബന്ധനകൾ**

1. ഇടവക സംഘത്തിന്റെയോ ഗവേണിംഗ് ബോർഡിന്റെയോ അംഗീകാരത്തോടുകൂടി പരിസ്ഥിതി സൗഹൃദ ഇക്കോ സംരംഭങ്ങൾക്കും സ്ഥായിയായ വികസനത്തിനും സഹായകരമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.
2. പള്ളിയുടെ / സ്ഥാപനത്തിന്റെ / സ്കൂളിന്റെ, പരിസരത്ത് ചെടികളും മരങ്ങളും നട്ടുപിടിപ്പിച്ച് ഹരിത വലയം സൃഷ്ടിക്കേണ്ടതാണ്.
3. പള്ളിയുടെ / സ്ഥാപനത്തിന്റെ / സ്കൂളിന്റെ, പരിസരത്തും പള്ളിപ്പുരയിടത്തിലും ഉള്ള വൃക്ഷങ്ങളുടെ പേരുകൾ എഴുതി പ്രദർശിപ്പിച്ച് ജൈവ വൈവിദ്ധ്യം കാത്തുസൂക്ഷിക്കേണ്ടതാണ്.
4. പള്ളിയുടെ / സ്ഥാപനത്തിന്റെ / സ്കൂളിന്റെ ഉള്ളിലും വെളിയിലും സൗരോർജ്ജ പാനലുകൾ ഉപയോഗപ്പെടുത്തി സൗരോർജ്ജം പ്രയോജനപ്പെടുത്തേണ്ടതും അന്തരീക്ഷത്തിലെ താപനില ആവുന്നിടത്തോളം സമീകരിക്കേണ്ടതിന് പരിസ്ഥിതി സൗഹൃദമായ ബദൽ സംവിധാനങ്ങൾ നടപ്പിലാക്കേണ്ടതുമാണ്.
5. വാട്ടർ ഹാർവെസ്റ്റിംഗ്, ബയോഗ്യാസ് പ്ലാന്റ് എന്നീ പരിസ്ഥിതി സൗഹൃദ രീതികൾ പ്രയോജനപ്പെടുത്തേണ്ടതാണ്. മാലിന്യ സംസ്കരണ ഉപാധികൾ ഉപയോഗിച്ച് പരിസ്ഥിതി മലിനീകരണത്തെ തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

6. പള്ളിയുടെയും / സ്ഥാപനത്തിന്റെയും / സ്കൂളിന്റെയും പരിസരം പ്ലാസ്റ്റിക് ഫ്രീ സോണായി പ്രഖ്യാപിക്കുകയും പള്ളിയുടെ സെമിത്തേരി പരിസ്ഥിതി സൗഹൃദ രീതിയിൽ കാത്തുസൂക്ഷിക്കേണ്ടതുമാണ്.
7. പരിസ്ഥിതി ഞായറാഴ്ച ഭൗമദിനമായി വേർതിരിക്കുകയും ഇടവകയും / സ്ഥാപനവും / സ്കൂളും വിവിധ ഇക്കോ പരിപാടികളോടുകൂടി ആചരിക്കുകയും ചെയ്യേണ്ടതാണ്.
8. പരിസ്ഥിതി സൗഹൃദം ഉൾക്കൊള്ളുന്ന പരിസ്ഥിതി മുദ്രാവാക്യങ്ങൾ, ഇക്കോ ഗീതങ്ങൾ, കവിതകൾ, ഫോറസ്റ്റ് ലാൻഡ്സ്കേപ്പുകൾ മുതലായവ ഇക്കോ വർക്ക്ഷോപ്പുകളിൽ കൂടി തയ്യാറാക്കി പൊതുവേദികളിലും പരിസരത്തും പ്രദർശിപ്പിക്കേണ്ടതാണ്.
9. സഭയിലെ ഭവനങ്ങൾ ഹരിത ഭവനങ്ങളാക്കുന്ന പരിപാടികളിൽ ഇടവക ജനങ്ങളെ പ്രോത്സാഹിപ്പിക്കേണ്ടതും തരിശുഭൂമിയിൽ വൃക്ഷതൈകൾ നട്ടും വീടുകളുടെ പരിസരത്ത് ആര്യവേപ്പ്, തുളസി കറിവേപ്പ്, കറ്റാർവാഴ, മുതലായ ഔഷധച്ചെടികൾ നട്ടുപിടിപ്പിച്ചും അടുക്കളത്തോട്ടം നിർമ്മിച്ചും സാമൂഹിക പ്രതിബദ്ധത വെളിപ്പെടുത്തേണ്ടതാണ്.
10. ഇടവകജനങ്ങളിൽ പ്രത്യേകിച്ച് യുവജനങ്ങളിൽ പരിസ്ഥിതി അവബോധം വളർത്തുന്നതിന് സഹായകരമായ ശുചീകരണവേലകൾ, പ്രഭാഷണങ്ങൾ, Eco-Quiz Program മുതലായവ പ്രാദേശിക തലത്തിൽ സംഘടിപ്പിക്കേണ്ടതും ഇക്കോ പിക്നിക്കുകളും വർക്ക്ഷോപ്പുകളും ക്രമീകരിക്കേണ്ടതുമാണ്.
11. പരിസ്ഥിതി ആദ്ധ്യാത്മികത വളർത്തുന്നതിനു സഹായകരമായ ബൈബിൾ പഠനങ്ങൾ ക്രമീകരിച്ചും പ്രകൃതിയിൽ നിന്നും ജീവിതമൂല്യങ്ങൾ മനസ്സിലാക്കുന്നതിനുള്ള ആരാധന ക്രമങ്ങളും പ്രാർത്ഥനകളും ഉപയോഗപ്പെടുത്തി ഇടവകയിലെ ആദ്ധ്യാത്മിക ജീവിതത്തെ പരിപുഷ്ടിപ്പെടുത്തേണ്ടതാണ്.
12. ഭൂമിയും അതിന്റെ പൂർണ്ണതയും സ്രഷ്ടാവിനുള്ളതാണെന്നുള്ള വിശ്വാസപ്രഖ്യാപനത്തിന്റെ വെളിച്ചത്തിൽ കാലോചിതമായ പരിസ്ഥിതി സൗഹൃദ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.